# ഖുർആനിൻെറ ജീവിതവ്യവസ്ഥ

*തയാറാക്കിയത്: ജലീൽ* - E-mail: aj@vazhi.org

ഒരു രാജാവ് വിശ്വസ്തരായ തൻെറ കുറേ പ്രജകളെ രാജ്യത്തിൻെറ കരം പിരിവുകാരായി നിയോഗിച്ചു. രാജാവ് അവരോട് പറഞ്ഞു "വിശ്വസ്തതയോടെ കൂടുതൽ നികുതി പിരിച്ചുവരുന്നവർക്ക് നാം വലിയ പ്രതിഫലം നല്കും. ആരെങ്കിലും വിശ്വാസവഞ്ചന കാണിച്ചാൽ മാരകശിക്ഷയായിരിക്കും ഫലം."

കരം പിരിക്കുന്നതിനാവശ്യമായ മാർഗരേഖ നിർദ്ദേശിച്ചുകൊടുത്ത് രാജാവ് അവരെ പറഞ്ഞയച്ചു.

മുന്നോട്ടു പോകുന്നതിനു മുമ്പ് ചില കാര്യങ്ങൾ മനസ്സിലാക്കണം. വിഷയത്തിന് സുതാര്യത വേണമല്ലോ.

രാജാവ് മുൻപോട്ടു വെച്ച "വലിയ പ്രതിഫലം" അവരുടെ പ്രവർത്തനത്തിൻെറ ആത്യന്തിക ലക്ഷ്യമാണ്. ജോലി ചെയ്യുന്നതിന് രാജാവ് നല്കിയ നിർദ്ദേശങ്ങളാകട്ടെ രാജവ്യവസ്ഥയുമാണ്. അതിനാൽ അതംഗീകരിച്ച് ജോലി ചെയ്യുന്നവരെ മാത്രമേ തന്നോട് അനുസരണമുള്ളവരായി അദ്ദേഹം അംഗീകരിക്കുകയുള്ളൂ. അല്ലാത്തവർ തന്നെ അനുസരിക്കാത്തവരും സ്വന്തം കാഴ്ച്ചപ്പാടിൽ ജോലി ചെയ്തവരുമാണെന്നേ രാജാവ് വിലയിരുത്തുകയുള്ളൂ. അത് അദ്ദേഹം അംഗീകരിക്കുകയില്ല.

ഈ ഉദാഹരണത്തിൽ ചില പ്രധാന വിഷയങ്ങളുണ്ട്. അവ ലഘുവായി സൂചിപ്പിക്കാം.

ഒന്ന്, രാജാവ് തൻെറ ജോലി ചെയ്യാൻ താനല്ലാത്ത വേറെ കുറച്ചു പേരെയാണ് നിയമിച്ചത്. അവർക്ക് രാജാവിൻെറ പ്രതിനിധികൾ എന്നു പറയാം.

രണ്ട്, അവരിൽ നല്ല നിലയിൽ പ്രവർത്തിക്കുന്നവർക്ക് വൻപ്രതിഫലം വാഗ്ദാനം ചെയ്തു. ഈ പ്രതിഫലം അവരുടെ ലക്ഷ്യമാണ്.

മൂന്ന്, വിശ്വാസവഞ്ചനക്ക് ശിക്ഷിക്കാനുള്ള അധികാരം രാജാവിനുണ്ട്.

നാല്, കൃത്യനിർവഹണത്തിന് എല്ലാവർക്കും ഒരേ വ്യവസ്ഥയാണ് നിശ്ചയിച്ചു കൊടുത്തത്.

അഞ്ച് വ്യവസ്ഥ രാജാവ് തന്നെയാണ് നിർണയിച്ചത്. അത് പാലിക്കുന്നവരാണ് വിജയികളും രാജാവിനോട് കൂറുള്ളവരുമെന്ന് രാജാവ് പ്രഖ്യാപിച്ചു.

രാജാവിൻെറ ഈ വ്യവസ്ഥയെ ഏതു ഭാഷയിൽ, എന്തു പേരു പറഞ്ഞാലും ശരി ആ വ്യവസ്ഥ വ്യവസ്ഥ തന്നെയായി നിലകൊള്ളും. അതിൽ മാറ്റം സംഭവിക്കുകയില്ല, നികുതി പിരിവുകാരായ പ്രതിനിധികൾ അത് സമ്മതിച്ചാലും ഇല്ലെങ്കിലും ശരി.

ഈ ഉദാഹരണവുമായി നമുക്ക് മറ്റൊരു വിഷയത്തിലേക്ക് പോകാം.

### *രാജവ്യവസ്ഥ*

രാജാവിൻെറ വ്യവസ്ഥ കരംപിരിവുകാരിൽ പരിമിതമാക്കുന്നതിനു പകരം ലോകത്തിനു മൊത്തമായിട്ടുള്ളതാണെന്ന് നാം സങ്കല്പിക്കുക. അങ്ങനെയായാൽ മനുഷ്യൻ അതിൻെറയും അത് മനുഷ്യൻെറയും ഭാഗമാണെന്ന് വരും. ഇനി രാജാവിനു പകരം പ്രപഞ്ചസ്രഷ്ടാവായ ഏകദൈവത്തെ സ്ഥാപിക്കുക. അപ്പോൾ രാജാവിൻെറ വ്യവസ്ഥക്കു പകരം ദൈവികവ്യവസ്ഥയും നികുതി പിരിവുകാർക്കു പകരം മൊത്തം ജനങ്ങളും നമ്മുടെ മുന്നിൽ വരും.

ഇത് നമ്മുടെ മനസ്സിൽ ഉറപ്പിച്ച ശേഷം താഴെ പറയുന്ന കാര്യം കൂടി വായിക്കുക.

ഏകദൈവമാണ് എല്ലാറ്റിൻെറയും സ്രഷ്ടാവ് എന്ന കാര്യത്തിൽ നമുക്ക് സംശയമില്ലല്ലോ. അവൻ സൃഷ്ടിക്കുക മാത്രമല്ല ചെയ്തത്, അവയ്ക്ക് ജീവിക്കാനാവശ്യമായ വിഭവങ്ങൾ കൂടി ഇവിടെ സജ്ജീകരിച്ചുവെച്ചിട്ടുണ്ട്. അതോടൊപ്പം അവക്കൊക്കെ ചില വ്യവസ്ഥയും നല്കിയിട്ടുണ്ട്. അതനുസരിച്ചാണ് അവ ജീവിക്കേണ്ടത്. അപ്പോൾ മാത്രമേ അവയുടെ ജീവിതം സംതുലിതമായി മുൻപോട്ട് പോവുകയുള്ളൂ.

പ്രപഞ്ചവസ്തുക്കൾക്ക് വ്യവസ്ഥയോ?

അതെ. അങ്ങനെയൊന്നുണ്ട്. അങ്ങനെ ഒരു വ്യവസ്ഥ ഉള്ളതിനാലാണ് രാപ്പകൽ ഉണ്ടാകുന്നത്. മഴ വർഷിക്കുന്നത്. കണ്ണു കൊണ്ട് കാണാനാകുന്നത്. മനുഷ്യൻ ഈ ലോകത്ത് ജനിക്കുന്നതും വളരുന്നതും അവൻെറ ശരീരം പ്രവർത്തിക്കുന്നതും അവൻ മരിക്കുന്നതുമൊക്കെ ഇതേ പ്രകൃതി നിയമത്തിന് വിധേയമായിക്കൊണ്ടാണല്ലോ.

മനുഷ്യൻെറ എത്ര വലിയ കഴിവുപയോഗിച്ചാലും ഈ വ്യവസ്ഥയെ മറികടക്കാൻ സാധിക്കില്ല. കാരണം, അത് ദൈവത്തിൻെറ പ്രപഞ്ചനിയമമാണ്. അതിലാണ് പ്രപഞ്ചത്തിൻെറ സംതുലിതത്വം നിലനില്ക്കണമെന്ന് അവൻ നിശ്ചയിച്ചത്. ഈ അവസ്ഥ അംഗീകരിക്കാൻ മനുഷ്യനും മറ്റു ജീവികളും പ്രപഞ്ച മൊത്തത്തിലും ബാധ്യസ്ഥമാണ്.

കാരുണ്യവാനായ <u>ഏകദൈവം</u> ഉണ്ടാക്കിയ സംവിധാനമാണത്. അവനാണല്ലോ അവയെ ഒന്നടങ്കം സൃഷ്ടിച്ചത്. സൃഷ്ടിച്ചവനു മാത്രമാണ് സൃഷ്ടിയുടെ നിലനില്പിനാവശ്യമായ വ്യവസ്ഥയും നിർണയിക്കാനുള്ള അവകാശമുള്ളത്.

### *നാമം*

ഈ വ്യവസ്ഥക്ക് ഒരു പേരുണ്ട്. പക്ഷേ ഈ വ്യവസ്ഥ കൊണ്ട് ഏകദൈവം മനുഷ്യനിൽനിന്ന് ഉദ്ദേശിക്കുന്നതെന്താണെന്ന് വ്യക്തമായെങ്കിൽ ആ നാമത്തിലെ യുക്തി വ്യക്തമാവുകയുള്ളൂ. അതായത്, ഏകദൈവത്തിനുള്ള വിധേയത്വം, അവനുള്ള സമർപ്പണം, അവനെ അംഗീകരിച്ചു ജീവിക്കുന്നതു മൂലം ലഭിക്കുന്ന സമാധാനം എന്നെല്ലാം നമുക്ക് മലയാളത്തിൽ അതിൻെറ നാമമായി പറയാം. മനുഷ്യൻ തന്ന പരിപൂർണമായി തൻെറ ദൈവത്തിന് സമർപ്പിക്കുന്നതിലൂടെ കൈവരുന്ന ശാന്തിയും സമാധാനവും മനുഷ്യജീവിതത്തിൽ ഉണ്ടാകണം എന്നുതന്നെയാണ് അതുകൊണ്ടുദ്ദേശിക്കുന്നത്. അങ്ങനെയാകുമ്പോൾ ആ വ്യവസ്ഥ അംഗീകരിച്ചു ജീവിക്കുന്നവരെപ്പറ്റി ഏകദൈവത്തിന് സമർപ്പിച്ചവൻ, അവന് വിധേയനായവൻ, വഴിപ്പെട്ടവൻ, അനുസരിച്ചവൻ, അതുമൂലം സമാധാനമടഞ്ഞവൻ, ശാന്തി ലഭിച്ചവൻ എന്നെല്ലാം മലയാളത്തിൽ പറയാം.

ഈ പറഞ്ഞതിൻെറ അറബിവാക്ക് എന്തെന്ന് വ്യക്തമാക്കുന്നതിന് മുമ്പ് ആ നാമം എങ്ങനെ ചരിത്രത്തിൽ വന്നു എന്ന് പരിശോധിക്കാം.

അറബികളാണതിനെ ആദ്യം പ്രായോഗികമായി ലോകത്തിന് പരിചയപ്പെടുത്തിയത്. നാം നേരത്തെ മലയാളത്തിൽ പറഞ്ഞതുപോലെ അവരുടെ ഭാഷയിൽ അവർക്ക് മനസ്സിലാകുന്ന രീതിയിൽ ഒരു നാമവും അവർക്കു വേണ്ടി ദൈവം തിരഞ്ഞെടുത്തു. അതിനാൽ അവരിലൂടെ ആ വ്യവസ്ഥക്ക് ഇസ്‌ലാം എന്ന അറബിനാമം പ്രചാരത്തിൽ വന്നു. വിശുദ്ധ ഖുർആനിലെ 5-ാമത്തെ അദ്ധ്യായത്തിലെ 3-ാം സൂക്തത്തിൽ ആ പരാമർശം നമുക്ക് കാണാൻ സാധിക്കും.

അത് മുഹമ്മദിൻെറ മതമല്ലേ എന്ന് ചിലർ ചോദിച്ചേക്കാം. ക്ഷമിക്കണം, മുന്നോട്ടു പോകുന്നതിന് മുമ്പ് ഈ ധാരണ തിരുത്തൽ ഒരാവശ്യമാണ്. പ്രവാചൻ മുഹമ്മദ് അറേബ്യയിൽ പുതുതായി കൊണ്ടുവന്ന മതമല്ല അത് എന്ന് ആദ്യമേ പറഞ്ഞുവക്കട്ടെ. നമുക്ക് പിന്നീട് അതിലേക്ക് തിരിച്ചുവരേണ്ടിവരും.

ഏതെങ്കിലും വ്യക്തികളിലേക്ക് ചേർത്തുണ്ടാക്കിയ ജീവിതവ്യവസ്ഥയല്ല ഖുർആൻെറ വ്യവസ്ഥ. കാരണം, അത് ഏതെങ്കിലും ഒരു വ്യക്തി നിർമിച്ചതല്ല. ഏതെങ്കിലും സമുദായത്തിന് മാത്രം അവകാശപ്പെട്ടതുമല്ല. ഏതെങ്കിലും കാലഘട്ടത്തിനു മാത്രമുള്ളതല്ല. ആരെങ്കിലും അങ്ങനെ വാദിക്കുന്നുണ്ടെങ്കിൽ അത് അബദ്ധമാണ്.

ഖുർആൻ മുഴുവൻ ലോകത്തിനുമായി അവതരിപ്പിച്ചതു പോലെ അതിൻെറ വ്യവസ്ഥയും മുഴുവൻ മനുഷ്യർക്കുമുള്ളതാണ്. അതിനാൽ മുഴുവൻ മനുഷ്യരെയും അതിൻെറ പ്രയോക്താക്കളും അതുവഴി ദിവ്യശാന്തിയടഞ്ഞവരുമാകാൻ ഏകദൈവം കാലാകാലങ്ങളിലും തൻെറ ദൂതന്മാരെ മനുഷ്യരിലേക്ക് അയക്കുകയും തൻെറ വ്യവസ്ഥയെക്കുറിച്ച് അവരെ ബോധവാന്മാരാക്കുകയും ചെയ്തിട്ടുണ്ട്. ലോകത്ത് ആഗതരായ ഒരു ലക്ഷത്തിലേറെ വരുന്ന പ്രവാചകന്മാർ തങ്ങളുടെ ജനതകളെ പഠിപ്പിച്ചതും പ്രചരിപ്പിച്ചതും ഏകദൈവത്തിൻെറ ഈ വ്യവസ്ഥ ഒന്നുമാത്രമായിരുന്നു.

### *മനുഷ്യർക്കു വേണ്ടി?*

മനുഷ്യൻ മറ്റു ജീവികളിൽനിന്ന് വ്യത്യസ്തനാണ്. വിശേഷബുദ്ധിയും ചിന്താശക്തിയും വിവേചനാധികാരവും കൊണ്ട് അനുഗൃഹീതനാണവൻ.

അത് തികച്ചും സോപാധികമാണ്. അതെന്തെന്ന് വഴിയെ വ്യക്തമാക്കാം. മനുഷ്യനെ മറ്റു സൃഷ്ടികളിൽനിന്ന് സവിശേഷ കഴിവുകളുള്ളവനായി ഏകദൈവം സൃഷ്ടിച്ചതിനാൽ പ്രപഞ്ചത്തിലെ മറ്റു സൃഷ്ടികൾക്ക് നിശ്ചയിച്ചുകൊടുത്തതിനെക്കാൾ ഉന്നതമായ ഒരു വ്യവസ്ഥ കൂടി ദൈവം അവന് നിശ്ചയിച്ചുകൊടുത്തു. പക്ഷേ പ്രകൃതിനിയമം പോലെയല്ല അത്. അതംഗീകരിക്കാനും അംഗീകരിക്കാതിരിക്കാനും ഒരുപോലെ മനുഷ്യന് സ്വാതന്ത്ര്യമുണ്ട്. പരീക്ഷയിൽ തെറ്റും ശരിയും എഴുതാൻ ഒരു കുട്ടിക്കുള്ള സ്വാതന്ത്ര്യം പോലെയാണത് എന്നു മാത്രം.

മനുഷ്യൻ ഏകദൈവത്തിൻെറ ഭൂമിയിലെ പ്രതിനിധി. യജമാനൻെറ ഇംഗിതങ്ങൾക്കൊത്ത് ജീവിക്കുകയാണവൻെറ ബാധ്യത. അതിന് ചില വ്യവസ്ഥകളും ചിട്ടകളും അവൻ പാലിക്കണം. ഏകദൈവത്തിൻെറ തൃപ്തിയും അതൃപ്തിയും പരിഗണിക്കണം. അവൻെറ പ്രീതി ജീവിതത്തിൻെറ ആത്യന്തിക ലക്ഷ്യമായി കാണണം. അതിനു വേണ്ടി പരിശ്രമിക്കണം. ഒരു വ്യവസ്ഥയിലൂടെയല്ലാതെ ഇത് സാധ്യമാവുകയില്ല. അതാണ് ബുദ്ധിയുടെ തേട്ടം. അതിനാലാണ് അത്തരം ഒരു വ്യവസ്ഥ ഏകദൈവം മനുഷ്യനു വേണ്ടി തിരഞ്ഞെടുത്തത്.

മനുഷ്യന് ജീവിക്കാനാവശ്യമായ വ്യവസ്ഥ മനുഷ്യൻ തന്നെയല്ലേ നിർമിക്കേണ്ടത്? സ്വാഭാവികമായ ചോദ്യമാണിത്. കാരണം, നമ്മുടെ വീട് എങ്ങനെ നിർമിക്കണമെന്ന് നാമാണല്ലോ തീരുമാനിക്കുന്നത്, എന്ത് തിന്നണമെന്നതും നമ്മുടെ നിശ്ചയമാണ്. പക്ഷേ ഒരു കാര്യമുണ്ട്. മനുഷ്യൻെറ എല്ലാ സംഗതികളും അവൻ തന്നെയങ്ങ് തീരുമാനിച്ചു. എങ്കിൽ ലോകത്ത് സ്വയം തീരുമാനാധികാരമുള്ള എത്ര കോടി ജനമുണ്ടോ അത്രയും കോടി അഭിപ്രായങ്ങളും തീരുമാനങ്ങളും തമ്മിൽ സംഘടനമുണ്ടാവുകയല്ലേ ഫലം? കാരണം, ഓരോരുത്തനും അവനവൻെറ താല്പര്യമായിരിക്കും വലുത്. ലോകത്തിൻെറ ശാന്തി നശിക്കുക എന്നതാണ് അതിൻെറ സ്വാഭാവിക ഫലം.

ഈ താല്പര്യങ്ങളുടെ അർഥമെന്താണ്? എനിക്ക് എൻെറ സൗകര്യമാണ് വലുത് എന്നല്ലേ അതിനർഥം? ഞാൻ എൻെറ നന്മയെ പറ്റി മാത്രം ചിന്തിച്ചാൽ മതി, അത് മറ്റുള്ളവർക്ക് ദോഷമായി മാറുമോ എന്ന് ഞാൻ ചിന്തിക്കേണ്ടതില്ല എന്നുമല്ലേ? അങ്ങനെയാകുമ്പോൾ സത്യം, ധർമം, നീതി, സ്വാതന്ത്ര്യം എന്നൊക്കെ പറയുന്നത് ആളും അവസ്ഥയും പരിഗണിച്ച് അർഥം മാറിക്കൊണ്ടിരിക്കുന്ന, മൗലിക സ്വഭാവമില്ലാത്തതാണെന്ന് സമ്മതിക്കേണ്ടിവരും. അപ്പോൾ ഭൂരിപക്ഷ ഏതു വിഭാഗത്തിൽ പെട്ടവരാണോ-നിരീശ്വരന്മാരായാലും മനുഷ്യവിരോധികളായാലും- അവർ തീരുമാനിക്കുന്നതല്ലേ നീതിയും സത്യവും ഒക്കെ ആവുകയുള്ളൂ? മറ്റുള്ളവർ അതംഗീകരിച്ചു ജീവിക്കേണ്ടിവരില്ലേ? അവകാ

ശവും സ്വാതന്ത്ര്യവും മറ്റുള്ളവരുടെ താല്പര്യങ്ങൾക്കു മുന്നിൽ ഹനിക്കപ്പെടുകയല്ലേ ഫലം? അപ്പോൾ അതല്ല, ആത്യന്തികമായി എല്ലാവർക്കും സ്വീകാര്യവും ആരോഗ്യകരവുമായ ഒന്നുണ്ട്. അതാണ് മനുഷ്യനു വേണ്ടി ഏകദൈവം നിശ്ചയിച്ച വ്യവസ്ഥ. അവനാണല്ലോ മനുഷ്യനെ കൂടുതൽ അറിയുന്നവൻ. അതിനു പകരം മനുഷ്യൻ വ്യവസ്ഥ നിർമിച്ചാൽ അതിന്റെ നിർമാതാക്കൾ അതിൽ സ്വാധീനിക്കപ്പെടുകയും അനീതി അതിന്റെ സ്വാഭാവികതയായി മാറുകയും ചെയ്യും.

നിൽക്കട്ടെ, നാം പറയാറുണ്ടല്ലോ എനിക്കിന്ന് സുഖമില്ലെന്ന്. എന്താണതിനർഥം? രോഗാതുരമായ അവസ്ഥ നാം ഇഷ്ടപ്പെടുന്നുണ്ടോ? ഇല്ല. എങ്കിൽ പിന്നെ നമ്മുടെ ശരീരത്തിനു മേൽ നമുക്ക് യാതൊരു അവകാശവും ഇല്ലെന്നല്ലേ നാം മനസ്സിലാക്കേണ്ടത്? ആർക്കാണതിന് പിന്നെ അവകാശം? ഏകദൈവത്തിനു തന്നെ. കാരണം, അവനാണതിനെ സൃഷ്ടിച്ചത്. അതിനെ എന്തെല്ലാം ചെയ്യണമെന്ന് തീരുമാനിക്കാനുള്ള അവകാശവും അവനു മാത്രമാണ്. നാം ഉദ്ദേശിക്കുന്ന രീതിയിലല്ലല്ലോ നാം വളരുന്നത്. നാം ഉദ്ദേശിക്കുമ്പോഴല്ല നാം മരിക്കുന്നത്. അപ്പോൾ ജീവിതം തന്ന ദൈവത്തിനാണ് നമ്മുടെ മേൽ പൂർണാധികാരമുള്ളതെന്ന് വ്യക്തം. അതുകൊണ്ട് അവനു മാത്രമാണ് മനുഷ്യൻ എങ്ങനെ ജീവിക്കണമെന്ന് തീരുമാനിക്കാനുള്ള അവകാശവും ഉള്ളത്. ആത്യന്തികമായി മനുഷ്യൻ എങ്ങനെ പ്രവർത്തിക്കണം, എന്ത് ചെയ്യരുത് എന്നിത്യാദി കാര്യങ്ങൾ തീരുമാനിക്കാനുള്ള അവകാശവും അവന്റേതാണ്. ആ തീരുമാനം അംഗീകരിച്ചു ജീവിക്കുകയാണ് മനുഷ്യന് ചെയ്യാനുള്ളത്. അതിനാണ് മനുഷ്യന് എല്ലാവിധ സൗകര്യങ്ങളും മേൽപറഞ്ഞ കഴിവുകളും ഏകദൈവം നല്കിയിട്ടുള്ളത്.

### *എന്തിന് ഈ വ്യവസ്ഥ?*

അങ്ങനെ ചോദിക്കാൻ നമുക്ക് അവകാശമുണ്ട്. ആ ചോദ്യത്തെ നെഞ്ചേലേറ്റി ഒരപേക്ഷ നാം സൃഷ്ടിലോകത്തേക്ക് ഒന്ന് നോക്കുക. പ്രപഞ്ചത്തിലുള്ള മുഴുവൻ വസ്തുക്കളും ഒരു വ്യവസ്ഥക്ക് വിധേയമയിട്ടല്ലേ ചലിക്കുന്നത്? അതെ. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ തുടങ്ങി എല്ലാം തന്നെ ഒരു ബലിഷ്ഠ നിയമത്തിൽ ബന്ധിതമാണ്. ഭൂമി അതിനു നിശ്ചയിച്ച വേഗത്തിൽ നിശ്ചിത ഭ്രമണ പഥത്തിലൂടെ, നിർണിത സമയം പാലിച്ചുകൊണ്ട് ചലിക്കുവാൻ നിർബന്ധിതമാണ്. പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളും ഉണ്ടാകുന്നതും നിലനിൽക്കുന്നതും പ്രവർത്തിക്കുന്നതുമൊക്കെ ഈ നിയമം പാലിച്ചുകൊണ്ടാണ്. വലിയ ഗോളങ്ങൾ മുതൽ ചെറിയ പരമാണു വരെ ഇതേ വ്യവസ്ഥക്ക് വിധേയമായാണ് ഈ പ്രപഞ്ചത്തിൽ നിലനിൽക്കുന്നത്. അതിലാണ് പ്രപഞ്ചത്തിന്റെ സംതുലിതത്വമെന്ന് നേരത്തെ സൂചിപ്പിച്ചു.

ഇക്കാര്യത്തിൽ മനുഷ്യനും മറ്റു പ്രപഞ്ചസൃഷ്ടികളും തുല്യരാണ്. എന്നാൽ മനുഷ്യനെ സംബന്ധിച്ചിടത്തോളം മറ്റൊരവസ്ഥ കൂടി അവനുണ്ട്. ഏകദൈവം അവന് നല്കിയ സോപാധിക കഴിവുകളാണ് അതിൽ പ്രധാനം. അക്കാര്യം മേൽ സൂചിപ്പിച്ചു. പ്രസ്തുത ഉപാധി എന്താണല്ലേ? പറയാം.

രണ്ട് വസ്തുതകൾ അതിനുണ്ട്. ഒന്ന്, മനുഷ്യനു നല്കിയ ജ്ഞാനവും ബുദ്ധിയും മറ്റു സൗകര്യങ്ങളും ഉപയോഗപ്പെടുത്തി തന്റെ സ്രഷ്ടാവിനെ അടുത്തറിയുകയെന്ന ഉപാധി.

രണ്ട്, തുടക്കത്തിൽ പറഞ്ഞ ഉദാഹരണം നാം മറന്നിട്ടില്ല. പ്രസ്തുത ഉദാഹരണത്തിലെ രാജാവും കരംപിരിവുകാരും തമ്മിലുള്ള ബന്ധവും രാജാവ് അവരിൽ അർപ്പിച്ച ഉത്തരവാദിത്തവും പോലെയാണ് നാമും ദൈവവും തമ്മിലുള്ള ബന്ധത്തിന്റെ സ്വഭാവം. ആ ബന്ധത്തിന് ഇഴ ചേർത്തിരിക്കുന്നത് ഏകദൈവത്തിനുള്ള പൂർണമായ അർപ്പണവും അവന്റെ വ്യവസ്ഥയോടുള്ള അനുസരണവും എന്ന ശക്തമായ പാശമാണ്. അത് മുറുകെ പിടിച്ചുജീവിക്കുക എന്നതാണ് മറ്റൊരു ഉപാധി.

താൻ ചെയ്തു കൊടുത്ത ഉപകാരങ്ങൾ അനുഭവിച്ച് പകരം എന്നോട് അനുസരണവും നന്ദിയും കൂറും ഭക്തിയും ഉള്ളവരായി എന്റെ നിർദ്ദേശങ്ങൾക്കൊത്ത് മനുഷ്യർ ജീവിക്കണം എന്നു തന്നെയാണ് അതുകൊണ്ട് ദൈവം ഉദ്ദേശിക്കുന്നത്. എങ്കിൽ മാത്രമേ കരംപിരിവുകാരോട് രാജാവ് പറഞ്ഞതുപോലെ ദൈവവും മനുഷ്യജീവിതം സ്വീകരിക്കുകയുള്ളൂ. അതിന് അർഹമായ പ്രതിഫലവും നല്കുകയുള്ളൂ. അല്ലാത്തവ അവന്റെ വ്യവസ്ഥകൾക്കു പുറത്തായതിനാൽ അവൻ നിരാകരിക്കുകയാണ് ചെയ്യുക. എന്നു പറഞ്ഞാൽ മനുഷ്യന്റെ പാരത്രിക വിജയവും ഭൗതിക ക്ഷേമവും ലോകത്തിന്റെ ക്ഷേമവും ഈ വ്യവസ്ഥയെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്. മറിച്ചുപറഞ്ഞാൽ ലോകത്തിനു ജീവിക്കുന്നതിനു വേണ്ടിയാണ് ഏകദൈവം ഈ വ്യവസ്ഥ നിശ്ചയിച്ചത്.

### *മൗലിക സന്ദേശം*

ഖുർആനിക ജീവിത വ്യവസ്ഥയുടെ മൗലിക സന്ദേശം നമുക്ക് ഇങ്ങനെ പരിചയപ്പെടാം. പ്രപഞ്ചസ്രഷ്ടാവായ ഏകദൈവത്തെ മാത്രം യജമാനനും ഉടമസ്ഥനുമായി അംഗീകരിക്കുക, അവന്റെ മാത്രം നിർദ്ദേശങ്ങൾക്കൊത്ത് ജീവിക്കുക, അവന് മാത്രം ആരാധനകളർപ്പിക്കുക, അവന്റെ വ്യവസ്ഥ പാലിച്ച് ലോകത്ത് ശാന്തിയുണ്ടാക്കുക, അവനിൽനിന്ന് ആഗതരായ ദൈവദൂതന്മാരെ തങ്ങളുടെ പ്രവാചകന്മാരും ആത്മീയ ഗുരുനാഥന്മാരുമായി അംഗീകരിക്കുക, മനുഷ്യബന്ധങ്ങൾ ആദരിക്കുക. പരസ്പര അവകാശങ്ങൾ കാത്തുസൂക്ഷിക്കുക. നീതിയോടെ പെരുമാറുക, ജീവിതത്തിൽ വിശുദ്ധി പാലിക്കുക, ഏകദൈവ പ്രീതിയും പരലോകമോക്ഷവും ജീവിതത്തിന്റെ പരമലക്ഷ്യമായി കരുതുക, അതിനു വേണ്ടി പരിശ്രമിക്കുക നിഷിദ്ധങ്ങൾ വർജിക്കുക, തിന്മയെ സൂക്ഷിക്കുക - ഇതൊക്കെയാണ് ഇസ്‌ലാമിന്റെ മൗലികസന്ദേശം.

അതിന് മുന്നോടിയായി നാം ഏകദൈവത്തെ കണ്ടെത്തണം. അതാണ് പ്രധാനം. അത് പ്രയാസമുള്ള കാര്യമല്ല. നേരെച്ചൊവ്വെ പ്രപഞ്ചത്തിലേക്ക് നോക്കണമെന്നു മാത്രം. ദൈവം സൃഷ്ടിച്ച ഈ പ്രപഞ്ചത്തിലെവിടെയും സ്രഷ്ടാവിന്റെ ദിവ്യത്വത്തിനുള്ള തെളിവുകൾ വ്യാപിച്ചുകിടക്കുന്നുണ്ട്.

തൻെറ സൃഷ്ടികൾ തന്നെ കണ്ടെത്താൻ ദൈവം ബോധപൂർവം സംവിധാനിച്ച ദൃഷ്ടാന്തങ്ങൾ. നമ്മുടെ ശരീരം തന്നെ ഒന്നാംതരം ദൈവികദൃഷ്ടാന്തമാണ്. നാം അതിനെ ആ നിലക്ക് കാണണ മെന്നു മാത്രം. നോക്കൂ, അറുനൂറ് കോടി മനുഷ്യർക്ക് അറുനൂറ് കോടി വ്യത്യസ്ത മുഖഛായയും അത്രയും വ്യത്യസ്ത വിരൽത്തുമ്പുകളും കൺനാഡികളും ഏകദൈവത്തിൻെറ പ്രഭാവത്തെയല്ലേ വിളിച്ചോതുന്നത്! പരിപൂർണ വ്യവസ്ഥിതിയോടെ, സുശക്തമായ ഘടനയിൽ ഈ മഹാ പ്രപഞ്ചത്തെ നയിച്ചു കൊണ്ടിരിക്കുന്നത് അജയ്യനായ ആ പ്രപഞ്ചസ്രഷ്ടാവാണെന്ന സത്യവും ഈ പ്രപഞ്ചഘടന തന്നെ വ്യക്തമാക്കുന്നുണ്ട്.

ഈ ബോധത്തോടെ നാം സ്രഷ്ടാവിനെ കണ്ടെത്തുക. അവന് കീഴ്വണങ്ങി ജീവിക്കുക. അതാണ് മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിൻെറ അടിസ്ഥാനം. സൃഷ്ടികൾ എന്ന നിലക്ക് അത് നമ്മുടെ കടമയാണ്. കാരണം, ഇല്ലായ്മയിൽനിന്ന് നമ്മെ പടച്ചു, ആവശ്യങ്ങൾ കണ്ടറിഞ്ഞ് നിർവഹിച്ചുതന്ന്, നമ്മെ സംരക്ഷിക്കുന്ന അവനോട് നമുക്ക് ബാധ്യതകളൊന്നുമില്ലെന്ന് നാം എങ്ങനെ, ഏതു മാനദണ്ഡം വെച്ചാണ് തീരുമാനിക്കുക?

ഭൗതികജീവിതത്തിന് ആവശ്യമായതൊന്നും നാം കൊണ്ടുവന്നതല്ല. ദൈവം തന്നനുഗ്രഹിച്ചതാണ്. നമ്മുടെ ബുദ്ധിയും ആത്മാവും നാമല്ല ഉണ്ടാക്കിയത്. ദൈവം തന്നതാണ്. പ്രപഞ്ചത്തിലെ മുഴുവൻ വസ്തുക്കളെയും സൃഷ്ടിച്ചു, അവയെ മനുഷ്യന് വിധേയമാക്കി, അവയെ നിയന്ത്രിക്കാനുള്ള കഴിവ് മനുഷ്യന് നല്കിയത് സാക്ഷാൽ സ്രഷ്ടാവായ ഏകദൈവമാണ്. അതിനാൽ തൻെറ സ്രഷ്ടാവായ ഏകദൈവത്തെ അംഗീകരിച്ചു ജീവിക്കണമെന്നു തന്നെയാണ് ഖുർആനിൻെറ മൗലിക സന്ദേശം. ബുദ്ധിയുടെ താല്പര്യവും അതത്രെ.

ഇതിനു വിരുദ്ധമായി ദൈവം തന്ന ബുദ്ധിയും മറ്റു കഴിവുകളും അനുഭവിച്ചുകൊണ്ട് അവനെതിരെ ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നത് ദൈവധിക്കാരവും അവനോട് ചെയ്യുന്ന കൃതഘ്നതയുമാണ്? ഒരാൾ നമുക്ക് വല്ല ഉപകാരവും ചെയ്തുതന്നു. പിന്നീട് നാം അയാൾക്കെതിരെ പ്രവർത്തിച്ചു. ഫലമോ, അയാൾ നമ്മെ ധിക്കാരി, നന്ദികെട്ടവൻ എന്ന് ആക്ഷേപിച്ചു. നമുക്കത് ആക്ഷേപകരമായി തോന്നിയേക്കാം. എന്നാൽ സാക്ഷാൽ ദൈവത്തോടുള്ള ധിക്കാരത്തിനും നന്ദികേടിനും മറ്റെന്ത് പേരാണ് പറയാനാവുക. "നന്ദികെട്ടവൻ, ചെയ്തുകൊടുത്ത ഉപകാരങ്ങൾ മറച്ചുവെച്ചവൻ" എന്നൊക്കെ തന്നെയാണ് ദൈവവും നമ്മുടെ ധിക്കാരത്തിന് പ്രയോഗിച്ചിട്ടുള്ളത്. അതിന് അറബികൾ "കുഫ്ർ" എന്നാണ് പറഞ്ഞുവന്നത്.

ദൈവത്തിൻെറ ഏകത്വത്തിലും അവൻെറ ഗുണങ്ങളിലും നിയമവ്യവസ്ഥകളിലും വിശ്വസിക്കലാണ് അവനെ അംഗീകരിക്കുന്നതിൻെറ പൊരുൾ. ഈ രീതി അവലംബിക്കുന്നവരെ ഏകദൈവ വിശ്വാസി എന്നുപറയുന്നു. അത് അറബിയിലാകുമ്പോൾ മുസ്ലിം എന്നായിമാറും. അതൊരു ജാതിപ്പേരെന്നാണ് നമ്മുടെ ധാരണ. അത് ശരിയല്ല. അത് ഒരു അവസ്ഥയുടെ പേരാണ്. അതായത്, ദൈവത്തിൻെറ വ്യവസ്ഥ അംഗീകരിച്ചു അവൻെറ കല്പനക്കൊത്ത് ജീവിക്കുമ്പോൾ ഉണ്ടാകുന്ന അവസ്ഥയുടെ പേര്.

മനുഷ്യനൊഴിച്ചുള്ള എല്ലാ പ്രപഞ്ചവസ്തുക്കളും, ദൈവം അവക്ക് നിശ്ചയിച്ച വ്യവസ്ഥയനുസരിച്ചാണ് നിലനില്ക്കുന്നതെന്ന് നേരത്തെ സൂചിപ്പിച്ചു. പ്രപഞ്ച വസ്തുക്കളും അതിലെ ജീവജാലങ്ങളും ഈ പ്രകൃതിനിയമങ്ങളെ വിധേയത്വത്തോടു കൂടി അനുസരിക്കയാൽ അവയൊക്കെ മുസ്ലിംകളാണ്. ദൈവത്തിനുള്ള അനുസരണവും വിധേയത്വവും സമർപ്പണവുമാണ് ഇസ്ലാം എന്ന കാര്യം നാം നേരത്തെ മനസ്സിലാക്കിയതാണ്.

അതേ അവസ്ഥ തന്നെയാണ് മനുഷ്യനും ഈ ലോകത്തുള്ളത്. അവനെ മാത്രം തൻെറ വ്യവസ്ഥയിൽനിന്ന് ഒഴിച്ചുനിർത്തുകയെന്ന പരിപാടി ദൈവം ചെയ്തിട്ടില്ല. അങ്ങനെയാണെങ്കിൽ അവനെ വെറുതെ തമാശയായി സൃഷ്ടിച്ചതാണെന്ന് മനസ്സിലാക്കേണ്ടിവരും. അതാകട്ടെ ഒട്ടേറെ ഉത്തരമില്ലാ ചോദ്യങ്ങളായിരിക്കും നമ്മുടെ മുന്നിലേക്കിടുക.

*അതിൻെറ തേട്ടം*

ഖുർആനിൻെറ ജീവിതവ്യവസ്ഥ എന്താണ് നമ്മോട് ആവശ്യപ്പെടുന്നത്? ചുരുങ്ങിയ വാക്കുകളിൽ നമുക്കതിന് ഉത്തരം കണ്ടെത്താം.

ഒന്ന്. എല്ലാറ്റിലും പ്രഥമമായി ഏകനായദൈവത്തെ മനസ്സിലാക്കണം എന്നു സൂചിപ്പിച്ചു. വിശാലമായ അർഥത്തിലാണ് അങ്ങനെ പറഞ്ഞത്.

ഏകദൈവത്തെ മാത്രം സ്രഷ്ടാവും നാഥനുമായും അംഗീകരിക്കുക. അവനെ മാത്രം ആരാധിക്കുക. അവനോട് മാത്രം തൻെറ ആവശ്യങ്ങൾ ചോദിക്കുക. അവനല്ലാത്ത ഒന്നിനെയും ദിവ്യത്വപദവിയിൽ പ്രതിഷ്ഠിക്കാതിരിക്കുക. അവനല്ലാത്ത ഒന്നിനോടും പ്രാർഥിക്കാതിരിക്കുക. അവനല്ലാത്ത ഒന്നിനെയും രക്ഷകർത്താവോ കൈകാര്യകർത്താവോ ആവശ്യങ്ങൾ നിർവഹിച്ചുതരുന്നവനോ ബുദ്ധിമുട്ടുകൾ തീർക്കുന്നവനോ സങ്കടങ്ങൾ കേൾക്കുന്നവനോ സംരക്ഷിക്കുന്നവനോ സഹായിക്കുന്നവനോ ആയി കരുതാതിരിക്കുക. അവനല്ലാതെ മറ്റാരോടും ഭക്തി കാണിക്കാതിരിക്കുക, ഭയപ്പെടാതിരിക്കുക, ആരിലും കാര്യങ്ങൾ ഭരമേല്പിക്കാതിരിക്കുക, അവനെ മാത്രം പ്രപഞ്ചത്തിൻെറ പരമാധികാരിയായി അംഗീകരിക്കുക, കല്പിക്കാനും വിരോധിക്കുവാനും കഴിവുള്ളവൻ അവൻ മാത്രമാണെന്ന് അംഗീകരിക്കുക, അവൻേറതല്ലാത്ത വ്യവസ്ഥകളെ അംഗീകരിക്കാതിരിക്കുക-ഇതാണ് പ്രഥമമായി അത്നമ്മോട് ആവശ്യപ്പെടുന്നത്.

രണ്ട്. ലോകത്ത് ആഗതരായ മുഴുവൻ പ്രവാചകന്മാരും ഏകദൈവത്തിൽനിന്നുള്ളവരായതിനാൽ അവരെ എല്ലാവരെയും ഒരുപോലെ വിശ്വസിക്കുക. അതുകൂടാതെ ദൈവവിശ്വാസമില്ല. ഉപരി പ്രവാ

ചകൻ മുഹമ്മദിനെ ഏകദൈവത്തിൽനിന്ന് അവസാനമായി അവതരിച്ച പ്രവാചകനും ലോകഗുരുവുമാണെന്ന് അംഗീകരിക്കുക, അദ്ദേഹത്തിൻെറ അധ്യാപനങ്ങളെ അനുധാവനം ചെയ്യുക.

മൂന്ന്. മരണാനന്തരം ഒരു ജീവിതം വരാനുണ്ട്. ആ ജീവിതം ശോഭനമാക്കാൻ ഈ ലോകത്തു വെച്ച് സുകൃതം ചെയ്തു ജീവിക്കുക. അതത്രെ ഏകദൈവത്തിൽനിന്നവതീർണമായ ജീവിതവ്യവസ്ഥ.

നാല്. മനുഷ്യർ മുഴുവൻ ഏകദൈവത്തിൻെറ സൃഷ്ടികളാണ്. അതിനാൽ തന്നെ എല്ലാ മനുഷ്യരും പരസ്പരം തുല്യരും സഹോദരങ്ങളുമാണ്. പരസ്പര ബന്ധങ്ങളിൽ സ്നേഹവും ആദരവും നീതിയും പുലർത്തണം. ഇസ്ലാമിൻെറ മാനുഷിക പ്രതിപത്തിയത്രെ അത്. അതുകൊണ്ടാണ് പരസ്പരം ആക്രമിക്കരുതെന്നും രക്തം ചിന്തരുതെന്നും അവകാശങ്ങൾ പരസ്പരം വകവെച്ചുവെച്ചു കൊടുക്കണമെന്നും ജീവിതത്തിൽ വിശുദ്ധി പുലർത്തണമെന്നും കുടുംബബന്ധങ്ങൾ സംരക്ഷിക്കണമെന്നും അത് ആവശ്യപ്പെടുന്നത്.

മാതാപിതാക്കളോടുള്ള ബാധ്യത എത്ര ശക്തമായാണ് അത് ഊന്നിപ്പറുയന്നതെന്നോ? അവരെ അവഗണിച്ചുകൊണ്ട് ദൈവികസംതൃപ്തി കരസ്ഥമാക്കാൻ ഒരു വിശ്വാസിക്ക് സാധ്യമല്ല എന്ന് അത് പഠിപ്പിക്കുകയുണ്ടായി.

അഞ്ച് തനിക്ക് തന്നോട് ബാധ്യതകളുള്ളതു പോലെ പ്രപഞ്ചത്തോടും തനിക്ക് കടപ്പാടുകളുണ്ട്. അത് പാലിക്കണം. ദൈവത്തിൻെറ പ്രപഞ്ചത്തിൽ ക്രമസമാധാനം തകർക്കാതിരിക്കുകയും അതിൽ ശാന്തി നിലനിൽക്കാനാവശ്യമായതെല്ലാം ചെയ്യുകയും വേണമെന്നാണ് അതിൻെറ പൊരുൾ. അതായത്, സദാചാരജീവിതം നയിക്കുകയും അതിന് വിരുദ്ധമായതിൽ നിന്നൊക്കെ ജീവിതം സംശുദ്ധമാക്കുകയും ചെയ്യുക. കളവ്,കൊല, ലഹരിപദാർഥങ്ങളുടെ ഉപയോഗം, പരസ്ത്രീ സംസർഗം, പൂഴ്ത്തിവെപ്പ്, അഴിമതി, അനീതി, സ്വജനപക്ഷപാതിത്വം, അസൂയ, പെരുമാറ്റത്തിലും സംസാരത്തിലും പരസ്പര വിദ്വേഷം, ഏഷണി, പരദൂഷണം, വഞ്ചന, ചതി, മുതലായ ദുഃസ്വഭാവങ്ങളിൽനിന്നും മുക്തമായ സംസ്കൃതമായ ജീവിതം നയിക്കണം. ദരിദ്രനെയും അഗതിയെയും സംരക്ഷിക്കണം. ആതിഥിയെ ആദരിക്കണം. ആക്രമിക്കപ്പെട്ടവൻെറ ന്യായങ്ങൾക്കു വേണ്ടി അവനെ സഹായിക്കണം. നന്മയോട് സഹകരിക്കണം. തിന്മയുടെ വിപാടനത്തിനും നന്മയുടെ സംസ്ഥാപനത്തിന് മുന്നിട്ടിറങ്ങണം. ഉപരി മൂല്യവത്തായ വ്യവസ്ഥിതിക്കു വേണ്ടി ശ്രമിച്ചു കൊണ്ടിരിക്കണം. വിശ്വാസികളോടത് കല്പിക്കുന്നു. ഇതൊക്കെ ഖുർആൻെറ ജീവിതവ്യവസ്ഥ നമ്മോട് ആവശ്യപ്പെടുന്ന കാര്യങ്ങളത്രെ. ഇതൊക്കെ ലോകത്തോട് ചെയ്യാനുള്ള നമ്മുടെ ബാധ്യതകളുമാണ്.

ഇത് ജീവിതത്തിൻെറ അടിസ്ഥാനങ്ങളാണ്. ഇവയിൽ അധിഷ്ഠിതമാണ് മനുഷ്യജീവിതം. അത് ലംഘിക്കാവതല്ല.

## *മുസ്ലിമിൻെറ യാഥാർഥ്യം*

ഖുർആൻെറ ജീവിതവ്യവസ്ഥയും അതുമൂലം കരഗതമാകുന്ന വിശുദ്ധിയും ശാന്തിയും ദൈവിക സാമീപ്യവും ജന്മം കൊണ്ട് ലഭിക്കുന്ന സംഗതിയല്ല. സ്ഥിരമായി തന്നോടൊപ്പം നിലനിൽക്കുന്നതുമല്ല. ദൈവത്തിൻെറ മഹത്തായ അനുഗ്രഹമാണത്. അത് ലഭിക്കണമെങ്കിൽ ദൈവത്തോടും അവൻെറ വ്യവസ്ഥയോടും പ്രതിപത്തിയും വേണം, അത് കരഗതമാകാൻ പരിശ്രമിക്കുകയും വേണം.

ഒരാൾ ദൈവിക വ്യവസ്ഥ ഉൾക്കൊണ്ട് താൻ അതിൻെറ ഭാഗമാണെന്ന് പ്രഖ്യാപിക്കുന്നതിൻെറ യാഥാർഥ്യമെന്താണ്?

നമ്മിൽ അധിക പേരും ആലോചിക്കാത്ത ഒരു വിഷയമാണത്. കാരണം, നമുക്കതിൻെറ ആവശ്യകത തോന്നിയിട്ടില്ല. മാത്രവുമല്ല, നാം കണ്ടു ശീലിച്ച മുസ്ലിംജീവിതം മറ്റുള്ളവരുടേതിൽനിന്ന് ഏറെയൊന്നും ഭിന്നവുമല്ല, ചില വിശ്വാസവും ആചാരങ്ങളും ഉണ്ടെന്നതൊഴിച്ചാൽ ബാക്കിയെല്ലാം സർവസാധാരണ. അതും പലപ്പോഴും നമുക്ക് സ്വീകാര്യമല്ലെന്ന് തോന്നുന്നവ. തനിക്കതിലെന്ത് കാര്യം, അത് അവർക്ക് മാത്രമുള്ള ആത്മീയകാര്യങ്ങളല്ലേ എന്നാണ് നാം അതെപ്പറ്റി ചിന്തിക്കാറുള്ളത്.

ഈ പ്രശ്നത്തിനുള്ള ഉത്തരം അല്പം താഴെ നിന്നു തന്നെ തുടങ്ങണം.

ഒരാൾ ഖുർആൻെറ ജീവിതവ്യവസ്ഥ അംഗീകരിക്കുന്നത് ജ്ഞാനത്തിൻെറയും തികഞ്ഞ ബോധ്യത്തിൻെറയും അടിസ്ഥാനത്തിലാണ്. ദൈവത്തിൻെറ ദൂതനായ പ്രവാചകൻ മുഹമ്മദ് പഠിപ്പിച്ച കാര്യങ്ങളാണ് ആ ജ്ഞാനത്തിന് അടിസ്ഥാനം. അതിൽ പ്രധാനപ്പെട്ടവ ഇതാണ്:

ഒന്ന്: പ്രപഞ്ചസ്രഷ്ടാവായ ഏകദൈവം മാത്രമാണ് തൻെറ രക്ഷിതാവും ഉടമസ്ഥനും. അവനെയാണ് ഞാൻ കീഴ്വണങ്ങേണ്ടതും ആരാധിക്കേണ്ടതും. അവനോടു മാത്രമാണ് എൻെറ ആവശ്യങ്ങൾ ഉന്നയിക്കേണ്ടത്. എൻെറ ജീവിതത്തിൻെറ എല്ലാ അവലംബവും അവൻ മാത്രമാണ്. അവനല്ലാത്തതിനെയെല്ലാം ഞാൻ വർജിക്കേണ്ടതുണ്ട്.

രണ്ട്: ഇക്കാര്യം ലോകത്തെ പഠിപ്പിച്ചത് പ്രവാചകൻ മുഹമ്മദാണ്. അതിനാൽ അദ്ദേഹത്തെ എൻെറ പ്രവാചകനായി സ്വീകരിക്കണം. അവിടന്ന് പഠിപ്പിച്ച ദൈവിക കാര്യങ്ങൾ സംശയമില്ലാതെ അംഗീകരിക്കണം. വിട്ടുവീഴ്ചയില്ലാതെ ജീവിതത്തിൽ അത് പ്രാവർത്തികമാക്കണം.

മൂന്ന്: പരലോകജീവിതത്തിലെ സൗഖ്യം നിർണയിക്കുന്നത് ഈ ലോകത്തിലെ എൻെറ ജീവിത കർമങ്ങളാണ്. അതിനാൽ അതിനുതകുന്ന കർമങ്ങൾ ഇവിടെ വെച്ച് അനുഷ്ഠിക്കേണ്ടതുണ്ട്. ദൈവികപ്രീതിക്ക് വിഘാതമാകുന്ന കാര്യങ്ങളിൽനിന്ന് ഞാൻ അകന്നുനിൽക്കേണ്ടതുണ്ട്

ഈ മൂന്നു കാര്യങ്ങളും അംഗീകരിച്ചു ജീവിക്കുക എന്നതാണ് ഖുർആനികവ്യവസ്ഥയനുസരിക്കുക എന്നു പറയുന്നതിൻെറ യാഥാർഥ്യം. ഈ കാര്യങ്ങൾ മനുഷ്യജീവിതത്തിൽ ഉണ്ടാകുമ്പോഴാണ് ദൈവം മനുഷ്യജീവിതത്തിനു നിശ്ചയിച്ച പ്രകൃതിയിലേക്ക് അവൻ പ്രവേശിക്കുന്നത്, മറ്റു പ്രപഞ്ചവസ്തുക്കൾ അവക്ക് നിശ്ചയിച്ച പ്രകൃതിയിൽ നിലകൊള്ളുന്നതു പോലെ.

താൻ ദൈവിക വ്യവസ്ഥിതിയുടെ ഭാഗമാണെന്ന് വിശ്വസിക്കുന്ന ഒരാൾ ഈ മൂന്ന് അടിസ്ഥാന കാര്യങ്ങൾക്കും സ്വജീവിതം കൊണ്ട് സാക്ഷ്യവും മാതൃകയും ആകലത്രെ ദൈവം മനുഷ്യനെ ഏല്പിച്ച പ്രാതിനിധ്യവിഭാവനയോടുള്ള അനുസരണവും. ഈ ബോധ്യത്തിൻെറയും ജ്ഞാനത്തിൻെറയും അഭാവവും അതിൽനിന്നുള്ള പിൻമാറ്റവും നാം പറഞ്ഞ ഉദാഹരണത്തിലെ തന്നിഷ്ടം പ്രവർത്തിച്ച നികുതി പിരിവുകാരുടെതു പോലെയായിരിക്കും.

എന്നാൽ ദൈവത്തിനുള്ള വിധേയത്വത്തിലേക്ക് മനുഷ്യമനസ്സ് എത്തണമെങ്കിൽ ദൈവാഭീഷ്ടം മാനിച്ച് ജീവിക്കുന്നതിൻെറയും ദൈവധിക്കാരം അനുവർത്തിച്ച് ജീവിക്കുന്നതിൻെറയും മരണാനന്തരജീവിത പരിണതികളെക്കുറിച്ചും മനസ്സിലാക്കണം. എങ്കിൽ മാത്രമേ ഒരാളിൽനിന്ന് ശരിയായ രീതിയിൽ ഏകദൈവവിശ്വാസവും അതനുസരിച്ചുള്ള ജീവിതവും പ്രതീക്ഷിക്കാൻ സാധിക്കുകയുള്ളൂ. അല്ലാത്തവർക്ക് വിശ്വാസത്തിൽ അടിയുറച്ചുനിൽക്കാനും അതനുസരിച്ച് ജീവിക്കാനും സാധ്യമാവുകയില്ല. അതിന് നാം ആരാണെന്നും ദൈവവും നാമും തമ്മിലുള്ള ബന്ധം എന്തെന്നും അറിയൽ ആവശ്യമാണ്.

*സൽഫലം*

ഏകദൈവത്തിൻെറ വ്യവസ്ഥിതി അനുസരിച്ചു ജീവിക്കുന്ന വ്യക്തികൾ ഒരിക്കലും അബദ്ധങ്ങളിലേക്ക് വഴുതിവീഴുകയില്ല. കാരണം, അവർ ദൈവികസന്മാർഗത്തിലാണ് നിലനിൽക്കുന്നത്. ജീവിതത്തിന് മറ്റു വ്യവസ്ഥിതികളെ ആശ്രയിക്കേണ്ട ഗതികേട് അവർക്കില്ല. അവർക്കാണ് ലോകത്ത് ശാന്തിയും സമാധാനവും നീതിയും നന്മയും സ്ഥാപിക്കുവാൻ സാധിക്കുക. അവരുടെ മുഴുവൻ ശ്രദ്ധയും അത്തരം വ്യവസ്ഥിതി ലോകത്ത് സ്ഥാപിക്കുന്നതിലായിരിക്കും. ജനങ്ങളുടെ അവകാശങ്ങൾ വകവെച്ചുകൊടുക്കുന്നതിലായിരിക്കും അവരുടെ അദ്ധ്വാനം മുഴുവൻ. അവരിലാണ് സത്യസന്ധതയും വിശ്വസ്തതയും സന്മാർഗ നിഷ്ഠയും ഉണ്ടാവുക. അത്തരക്കാരുടെ സ്വഭാവവൈശിഷ്ട്യം എത്രമേൽ ഉന്നതമായിരിക്കും! അവരെക്കാൾ ശ്രേഷ്ഠരും മാന്യരും ലോകത്തുണ്ടാവുകയില്ല. കാരണം, അവർ അല്ലാഹുവിൻെറ മുന്നിൽ മാത്രം തലകുനിക്കുന്നവരും അവനോട് മാത്രം യാചിക്കുന്നവരുമായിരിക്കും. അവരാണ് ലോകത്തിലെ ശക്തർ. കാരണം, ദൈവത്തെ മാത്രമേ അവർ ഭയപ്പെടുകയുള്ളൂ. മറ്റാരിൽനിന്നും അവർ അനുഗ്രഹങ്ങളും ഔദാര്യങ്ങളും കാംക്ഷിക്കുകയില്ല. അവരെക്കാൾ വലിയ ഐശ്വര്യവാന്മാർ ലോകത്തുണ്ടാവുകയില്ല. കാരണം, അവർ ദുരാഗ്രഹങ്ങളുടെയോ ദേഹേഛകളുടെയോ അടിമകളല്ല. സ്വസമ്പാദ്യം കൊണ്ടു മാത്രം സംതൃപ്തരാണവർ. അവരാണ് മനുഷ്യരോട് ഗുണകാംക്ഷയുള്ളവരും ലോകത്തെ സ്നേഹിക്കുന്നവരും. അവരെക്കാൾ ഉപരി സർവസമ്മതരും വിശ്വസ്തരും ലോകത്തുണ്ടാവുകയില്ല. കാരണം, വിശ്വാസവഞ്ചന അവർ പൊറുപ്പിക്കുകയില്ല. ദുരാചാരങ്ങൾ അവർ പൊറുപ്പിക്കുകയില്ല. നന്മയോട് പ്രതിപത്തിയും തിന്മയോട് വിരക്തിയും അവരിൽ നിറഞ്ഞിരിക്കും. മനുഷ്യസാഹോദര്യത്തിൻെറ വക്താക്കളും ഗുണകാംക്ഷികളുമായിരിക്കും അവർ. കാരണം, മനുഷ്യരെല്ലാം ഏകദൈവത്തിൻെറ സൃഷ്ടികളെന്നപോലെ ഒരേ ആത്മാവിൽനിന്ന് പിറകൊണ്ട സന്താനങ്ങളുമാണെന്ന വികാരമായിരിക്കും അവർക്ക്.

*രണ്ട് തരം മനുഷ്യർ*

ഖുർആനിൻെറ വ്യവസ്ഥിതിയനുസരിച്ച് മനുഷ്യർ രണ്ട് വിഭാഗമായിത്തീരുന്നു. ഒരു വിഭാഗം തങ്ങളുടെ ബുദ്ധിയെ അതിൻെറ പ്രകൃതി ആവശ്യപ്പെടുന്ന രീതിയിൽ തന്നെ ഉപയോഗിച്ചു, സ്രഷ്ടാവിനെ കണ്ടെത്തിയിരിക്കുന്നു. അവനെ തങ്ങളുടെ നാഥനായും യജമാനനായും സ്വീകരിച്ചിരിക്കുന്നു. ജീവിതത്തിൽ സ്വാധികാരമുള്ള കാര്യങ്ങളിൽ പോലും ദൈവാഭീഷ്ടത്തിനൊത്ത് പ്രവർത്തിക്കുന്നു. അവൻെറ താല്പര്യത്തിന് വിധേയമായി ജീവിതത്തെ ചിട്ടപ്പെടുത്തിയിരിക്കുന്നു. നന്മ-തിന്മകളിൽ സ്വാതന്ത്ര്യമുണ്ടായിട്ടും അവർ നന്മ തിരഞ്ഞെടുത്തിരിക്കുന്നു. ദൈവികനിയമം ലംഘിക്കാൻ സ്വാതന്ത്ര്യമുണ്ടായിരുന്നിട്ടും ദൈവികനിയമങ്ങളെ അനുസരിച്ചിരിക്കുന്നു. തങ്ങളുടെ മുഴുവൻ കഴിവുകളും ദൈവാഭീഷ്ടത്തിന് വിധേയമായി വിനിയോഗിച്ചിരിക്കുന്നു. സ്വന്തം ഇഷ്ടത്തെക്കാളും ദൈവത്തിൻെറ താല്പര്യങ്ങൾക്ക് മുൻഗണന നല്കിയിരിക്കുന്നു. ജീവിതത്തിൻെറ മുഴുവൻ ഇടപാടുകളിലും ദൈവികനിയമങ്ങൾ പാലിക്കുന്നു. ഈ വിഭാഗം പരിപൂർണമായും ദൈവത്തിന് വിധേയരായവരാണ്.

മറ്റൊരു വിഭാഗം തങ്ങളുടെ ബുദ്ധിയും വിവേകശക്തിയും ജ്ഞാനവും ഉപയോഗപ്പെടുത്തി ദൈവത്തെ അറിഞ്ഞില്ല. തങ്ങൾക്ക് അധികാരവും സ്വാതന്ത്ര്യവുമുള്ള മേഖലകളിൽ ദൈവികനിയമങ്ങൾ അനുസരിക്കാൻ ഇഷ്ടപ്പെട്ടില്ല. തങ്ങൾ സ്വയം രൂപീകരിച്ച വ്യവസ്ഥ അനുസരിച്ച് ജീവിച്ചു. ഈ വീക്ഷണത്തിൽ അവർ ദൈവനിഷേധികളാണ്.

ദൈവനിഷേധം, സത്യനിഷേധം എന്നിവ അജ്ഞതയുടെ ഉല്പന്നമാണ്. കാരണം, പ്രപഞ്ചത്തിലെ ഓരോ വസ്തുവും ഏറ്റപ്പറ്റില്ലാത്ത വിധം നിരന്തരം ചലിച്ചുകൊണ്ടിരിക്കുന്നത് അയാൾ കാണുന്നുണ്ട്. പക്ഷേ ഇതെങ്ങനെ ഉണ്ടായി, എങ്ങനെ ചലിക്കുന്നു, ആർ ഇതിനെ സംരക്ഷിച്ചുനില നിറുത്തുന്നു എന്നീ വസ്തുതകൾ അവർ അറിയുന്നില്ല. തങ്ങൾക്ക് ശ്വാസം തന്നനുഗ്രഹിച്ചത് ആരാണെന്ന് അവർ ചിന്തിക്കുന്നില്ല. ഈവക കാര്യങ്ങളെപ്പറ്റി ജീവിതത്തിൽ ഒരിക്കലെങ്കിലും ആലോചിക്കാൻ സാധിക്കാത്തവർ സാക്ഷാൽ അജ്ഞർ തന്നെയാണ്. അതുതന്നെയാണ് ദൈവധിക്കാരത്തിൻെറ നിമിത്തവും. അതത്രെ രാജദ്രോഹവും അവനോട് ചെയ്യുന്ന നന്ദികേടും.

ഈ രണ്ട് വിഭാഗവും തങ്ങളുടെ ദൈവത്തിങ്കൽ വ്യത്യസ്ത പദവികളുള്ളവരാത്രെ. പാരത്രിക പരിണതിയും വ്യത്യസ്തമായിരിക്കും. ആദ്യവിഭാഗം തങ്ങളുടെ സൽകർമങ്ങളുടെ ഫലം ആസ്വദിക്കുമ്പോൾ മറുവിഭാഗം തങ്ങളുടെ കൃതഘ്നതയുടെ ഫലം ആസ്വദിക്കേണ്ടിവരും. അതത്രെ ദൈവനിശ്ചയം.

*സാർവ ജനീനത*

ഖുർആൻ ലോകത്തിനു മുമ്പിൽ സമർപ്പിക്കുന്ന ജീവിതവ്യവസ്ഥ സങ്കുചിത ദർശനമല്ല. കേവലം മതം എന്നു വ്യവഹരിക്കാവുന്നതുമല്ല. മറിച്ച്, സാർവജനീനവും സർവകാലികവുമായ ജീവിതവ്യവസ്ഥയാണത്. മനുഷ്യാരംഭം മുതൽ എല്ലാ പ്രവാചകന്മാരിലൂടെയും മുഴുവൻ ജനവിഭാഗത്തിനും ഏകദൈവം എത്തിച്ചുകൊടുത്ത അവന്റെ പരിപൂർണ ജീവിതപദ്ധതിയാണത്.

ഒന്നുകൂടിയുണ്ട്. ദൈവത്തിന്റെ പ്രീതി സമ്പാദിക്കാനുള്ള വഴിയായിട്ടാണല്ലോ മതങ്ങളെ ആചരിക്കുന്നത്. തന്നിലേക്ക് എത്താനുള്ള വഴിയേതെന്ന് നിശ്ചയിക്കേണ്ടത് ദൈവം തന്നെയാണ്. അവനത് നിർണയിക്കുകയും അത് തന്റെ ദൂതന്മാരായ പ്രവാചകന്മാർ മുഖേന ലോകത്തെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ദൈവം ഏകനായതിനാൽ അവനിലേക്കുള്ള മാർഗവും ഏകമായിരിക്കും. കാരണം, ഒരേ സമയം പരസ്പര വിരുദ്ധമായ കാര്യങ്ങൾ ശരിയാവുക സാധ്യമല്ല. അവനത് സ്വീകരിക്കുകയുമില്ല.

മനുഷ്യനെ സംസ്കരിക്കുകയും ലോകത്ത് ശാന്തി നിലനിറുത്തുകയും പരലോകത്ത് മോക്ഷമേകുകയും ചെയ്യുന്ന മാനവധർമസംഹിതയാണ് മാനവതക്ക് ആവശ്യം. അതത്രെ ദൈവം തന്റെ ദൂതന്മാർ മുഖേന ലോകത്തിന് നിർദ്ദേശിച്ചത്. അത് മുഴുവൻ മനുഷ്യരുടെയും ഭൗതികവും ആത്മീയവുമായ സകല പ്രശ്നങ്ങൾക്കുമുള്ള പരിഹാരമാണ്. ആത്മശാന്തി തേടി മറ്റിതര പ്രത്യയ ശാസ്ത്രങ്ങളിലും ധ്യാനമഠങ്ങളിലും അഭയം തേടുന്നവരാണ് ഇന്ന് അധികവും. അത്തരം ആളുകളോടുള്ള ഖുർആന്റെ അഭിസംബോധന ഇതത്രെ: "അവൻ (ദൈവം) നിങ്ങളെ അവന്റെ രക്ഷാമാർഗത്തിലേക്കും മോക്ഷത്തിലേക്കും ക്ഷണിക്കുന്നു."

മനുഷ്യവിമോചനമാണതിന്റെ തേട്ടം. മർദ്ദിതരുടെയും ചൂഷിതരുടെയും രക്ഷക്കായി യത്നിക്കാൻ അത് ശക്തമായി ആഹ്വാനം ചെയ്യുന്നു. അക്രമി അക്രമം അവസാനിപ്പിക്കുവോളം അക്രമിക്കപ്പെട്ടവനെ സഹായിക്കേണ്ടത് വിശ്വാസികളുടെ ബാധ്യതയായി അത് നിശ്ചയിക്കുകയുണ്ടായി.

*ഇസ്ലാമിന്റെ മാനുഷിക മുഖം*

ഇസ്ലാം കേവലം ആദർശവാദമല്ല, മനുഷ്യരുടെ വിമോചനത്തിനുള്ള പ്രത്യയ ശാസ്ത്രമാണത് എന്നു സൂചിപ്പിച്ചു. മനുഷ്യക്ഷേമമാണതിന്റെ ഉന്നം. അതിന്റെ തത്വത്തിലും പ്രയോഗത്തിലും ഈ വസ്തുതകൾ കാണാനാകും. അതിന്റെ ആരാധനകൾ പോലും സംവിധാനിക്കപ്പെട്ടിരിക്കുന്നത് അതിന് സഹായകമായ രീതിയിലാണ്. രണ്ട് രീതിയാണതിനുള്ളത്.

ഒന്ന്, ശക്തമായ ഏകദൈവവിശ്വാസത്തിലൂടെ മറ്റെല്ലാ പാരതന്ത്ര്യങ്ങളിൽ നിന്നുമുള്ള വിമോചനം. മനുഷ്യൻ മൊത്തത്തിൽ ചഞ്ചലനാണ്. ശാരീരികേച്ഛകളുടെയും ഭൗതികപ്രമത്തതയുടെയും ഇടയിൽ കിടന്ന് ആടുന്നതാണ് അവന്റെ മനസ്സ് ആത്മീയ ചിന്തയാകട്ടെ അതിനിടയിൽ സ്ഥാനം കിട്ടാതെ അവഗണിക്കപ്പെടാറാണ് പതിവ്. ഈ ചാഞ്ചല്യത്തിൽനിന്ന് അവനെ രക്ഷിക്കുന്നത് ശക്തമായ വിശ്വാസമാണ്. അതില്ലെങ്കിൽ പിന്നെ എന്തു ജീവിതം? തന്റെ ജീവിതത്തിന്റെ യാഥാർഥ്യത്തെപ്പറ്റി അവനെങ്ങനെ ചിന്തിക്കാനാകും? വിശ്വാസമില്ലാതെ ശാശ്വതമായ മറ്റൊരു ലോകജീവിതത്തെക്കുറിച്ച് അവനെങ്ങനെ പ്രതീക്ഷിക്കാനാകും?

വിശ്വാസമാണ് പ്രധാനം. ഏകദൈവത്തിലുള്ള വിശ്വാസം. ശക്തനായ വിശ്വാസിയെ മറ്റേത് പ്രത്യയശാസ്ത്രത്തിനും ദർശനത്തിനും കീഴടക്കുവാൻ സാധിക്കുകയില്ല.

രണ്ട്, ഭൗതിക കുടുക്കുകളിൽനിന്നുള്ള വിമോചനം. ഇസ്ലാമിക അനുഷ്ഠാനങ്ങളുടെ (പഞ്ചസ്തംഭങ്ങൾ) ആന്തരാർഥം അത്തരം ഒരു വിമോചനം മനുഷ്യന് നല്കുന്ന വിധത്തിലാണ് സംവിധാനിച്ചിട്ടുള്ളതെന്ന് സൂചിപ്പിച്ചു.

ദൈവം ചെയ്തു തന്ന അനുഗ്രഹങ്ങൾക്കുള്ള നന്ദിപ്രകടനവും അവനെ സ്മരിക്കാനുള്ള ആചാരക്രമങ്ങളുമാണ് ആരാധനകളെങ്കിലും ആത്മീയ തലത്തിലെന്നപോലെതന്നെ ഭൗതിക ജീവിതത്തിലും അതിന്റെ പ്രതിഫലനം കാണേണ്ടതുണ്ട്. അതായത്, സാമൂഹിക അവബോധവും മാനുഷിക പ്രതിപത്തിയും സാഹോദര്യവും ഉത്തമ സമൂഹത്തിന്റെ നിർമിതിയും ദാരിദ്ര്യനിർമാർജനവുമെല്ലാം ഇസ്ലാമിലെ ആരാധാനകളുടെ ഭൗതികഫലങ്ങളാണ്. അത് ഖുർആനിക ജീവിതവ്യവസ്ഥയുടെ മാത്രം പ്രത്യേകത. കാരണം, മനുഷ്യന്റെ ജീവിതവുമായി ബന്ധപ്പെട്ടതാണത്. മനുഷ്യന്റെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടത് ദൈവികവ്യവസ്ഥയായതിനാൽ അതിന്റെ ബാധ്യത കൂടിയാണ്.

ഖുർആൻ ഊന്നിപ്പറഞ്ഞ കാര്യമാണ് ഏകമാനവികതയും മനുഷ്യസമത്വവും. ലോകത്തുള്ള മുഴുവൻ മനുഷ്യരും ഒരേ ദൈവത്തിന്റെ സൃഷ്ടികളാണ്. അവർക്കിടയിലെ വർഗ-വർണ-ദേശ-ഭാഷ-ജാതി വ്യത്യാസങ്ങൾ അടിസ്ഥാനപരമല്ല, പരസ്പരം തിരിച്ചറിയുന്നതിനുള്ള മാർഗം എന്നതു പോലെത്തന്നെ ദൈവികദൃഷ്ടാന്തവുമാണത്. ഏകമാനവികതയുടെ പ്രാധാന്യത്തെപ്പറ്റി ലോകത്തെ ബോധ്യപ്പെടുത്തിയ ഗ്രന്ഥമാണ് വിശുദ്ധ ഖുർആൻ. പ്രവാചകൻ മുഹമ്മദ് അക്കാര്യം പ്രാവർത്തികമായി കാട്ടിത്തന്നു. അദ്ദേഹത്തിന്റെ മനുഷ്യാവകാശപ്രഖ്യാപനത്തിൽ അക്കാര്യം പ്രത്യേകം ഊന്നിപ്പറയുകയും ചെയ്തിട്ടുണ്ട്. ഈ സമത്വവിഭാവനക്ക് വിരുദ്ധമായ ചിന്ത ആരിൽനിന്നുണ്ടായാലും ദൈവം അത് പൊറുപ്പിക്കുകയില്ല. കാരണം, മനുഷ്യരെ സമന്മാരായിക്കൊണ്ടാണ് അവൻ സൃഷ്ടിച്ചിട്ടുള്ളത്.

*കാലപ്പഴമ*

ഖുർആന്റെ ജീവിതവ്യവസ്ഥ ( ഇസ്‌ലാം) എന്നു മുതൽ ആവിർഭവിച്ചു? ഈ ചോദ്യത്തിന് വളരെ പെട്ടെന്ന് ലഭിക്കുന്ന ഉത്തരം, “മുഹമ്മദിന്റെ കാലം മുതൽ” എന്നായിരിക്കും. ആ ഉത്തരം നിരാകരിക്കാതെ ഈ പ്രശ്നത്തിന് ഉത്തരം കാണാൻ ശ്രമിക്കാം.

ദൈവം ഏകനാണ്. ഇത്രയും നേരം നാം സംസാരിച്ചതിലെ പ്രധാന കാര്യം അതാണല്ലോ. ദൈവം ഒന്നായതിനാൽ എല്ലാ വൈരുധ്യങ്ങളെയും ഒരുപോലെ അവൻ ശരിവെക്കുക പ്രയാസമാണ്. ഏതെങ്കിലും ഒന്നു മാത്രമേ ശരിയാവുകയുള്ളൂ. അതാണ് ബുദ്ധിയുടെ തേട്ടം. ആ മാർഗം ഏതാണെന്നവൻ മനുഷ്യരെ അറിയിച്ചിട്ടുണ്ട്. അക്കാര്യവും മുകളിൽ സൂചിപ്പിച്ചു. അതിനെ ആശ്രയിച്ചാണ് മനുഷ്യന്റെ മോക്ഷവും ക്ഷേമവും നിലനില്ക്കുന്നതെന്ന വസ്തുതയും പറഞ്ഞല്ലോ.

എല്ലാ മനുഷ്യരെയും തന്റെ മോക്ഷത്തിലേക്ക് നയിക്കണമെന്നത് കാരുണ്യവാനായ ദൈവത്തിന്റെ ഇംഗിതമാണ്. അതിനാൽതന്നെ ലോകത്തെ മുഴുവൻ തന്റെ പാതയിലേക്ക് ക്ഷണിക്കാൻ എല്ലാ കാലഘട്ടത്തിലും എല്ലാ ജനതയിലും അവൻ പ്രവാചകന്മാരെ നിയോഗിച്ചിരുന്നു. ആദ്യമനുഷ്യൻ ആദാം ഒരു പ്രവാചകനായിരുന്നു. അദ്ദേഹം മുതൽ അവസാനം ആഗതനായ പ്രവാചകൻ മുഹമ്മദ് വരെയുള്ള പ്രവാചകന്മാർ മുഴുവൻ പ്രബോധനം ചെയ്തത് ഏകദൈവത്തിന്റെ ഒരേ അധ്യാപനമായിരുന്നു. “നിങ്ങളുടെ ദൈവം ഏകനാണ്. അവന് മാത്രമേ നിങ്ങൾ ആരാധനകളർപ്പിക്കാവൂ.” അതനുസരിച്ച് നോഹ, അബ്രഹാം, മോശെ, യേശു, മുഹമ്മദ് തുടങ്ങിയ എല്ലാ പ്രവാചകന്മാരുടെയും അനുയായികൾ അതേ ദർശനം പിൻപറ്റിയവരും അതിനാൽ അവരൊക്കെ മുസ്‌ലിംകളും ആയിരുന്നു. എന്നാൽ അങ്ങനെ ഒരു നാമം അറബിവൽക്കരണം ചെയ്യുകയും സാർവലൗകികത ലഭിക്കുകയും ചെയ്തത് പ്രവാചകൻ മുഹമ്മദിനുള്ള ദൈവിക സന്ദേശത്തിലൂടെയാണെന്നു മാത്രം.

ഈ അധ്യാപനം തന്നെയാണ് ഇസ്‌ലാമിന്റെ അടിസ്ഥാനം. എന്നു പറഞ്ഞാൽ മനുഷ്യൻ എപ്പോൾ മുതൽ ഭൂമിയിൽ ജീവിതം ആരംഭിച്ചുവോ അന്നു മുതൽ തന്നെ ഈ ദൈവികവ്യവസ്ഥയും നിലനില്ക്കുന്നുണ്ട്. കാരണം, മനുഷ്യന് ജീവിക്കാനുള്ള ദൈവിക വ്യവസ്ഥയാണല്ലോ അത്. അത് അറിയിക്കപ്പെടാതെ, അതിലേക്ക് ക്ഷണിക്കപ്പെടാതെ ഒരു ജനതയും ഭൂമിയിൽനിന്ന് മൺമറഞ്ഞു പോയിട്ടില്ല. ഇനി സംഭവിക്കുകയുമില്ല. അതുകൊണ്ടുതന്നെയാണ് അത് സാർവജനീന ദൈവിക ദർശനമാണെന്നു പറയാൻ കാരണം.

## *വിമോചന മാർഗം*

വിമോചന ശാസ്ത്രമെന്ന അർഥത്തിൽ ഇസ്‌ലാമിന്റെ പ്രവർത്തന മേഖല മനുഷ്യജീവിതം മുഴുവനുമാണ്. മനുഷ്യന്റെ വിമോചനത്തിന് വിഘാതമായ സകല ശക്തികളിൽനിന്നുമുള്ള വിമോചനമാണതിൽ പ്രധാനം. സ്വാർഥത്തിനു വേണ്ടി മനുഷ്യനെ ബന്ധിച്ചിടുകയും അനീതിക്കും ചൂഷണത്തിനും വിധേയമാക്കുകയും ചെയ്യുന്ന സകല പ്രത്യയശാസ്ത്രങ്ങളിൽനിന്നുമുള്ള വിമോചനം, ജീവനും സ്വത്തും കവർന്നെടുത്ത് ജനങ്ങളെ അടക്കിവാഴുന്ന സ്വേഛാധിപതികളിൽനിന്നുള്ള വിമോചനം, മറ്റു വിധത്തിലുള്ള എല്ലാ പാരതന്ത്ര്യങ്ങളിൽനിന്നുമുള്ള വിമോചനം, എല്ലാറ്റിന്റെയും മടക്കം ഏകദൈവത്തിലേക്കായതുപോലെ അവന്റെ മാത്രം അടിമത്തത്തിലേക്കും ആശ്രയത്തിലേക്കുമുള്ള വിമോചനം, വഴി വിട്ട ഇഛകളുടെ അടിമത്തത്തിൽനിന്നുള്ള വിമോചനം- അതാണല്ലോ എല്ലാ അധർമങ്ങൾക്കും ദുരാചാരങ്ങൾക്കും മനുഷ്യനെ പ്രേരിപ്പിക്കുന്നത്. എല്ലാ നന്മയിൽനിന്നും പിന്തിരിപ്പിക്കുന്നത്. ബുദ്ധിയെ നശിപ്പിക്കുന്ന ചിന്തയെ മുരടിപ്പിക്കുന്ന അന്ധവിശ്വാസങ്ങളിൽനിന്നുള്ള വിമോചനം, മനുഷ്യചിന്തയെ അധർമത്തിൽ തടഞ്ഞിടുകയും പുരോഗതിക്ക് തടസ്സം നിൽക്കുകയും ചെയ്യുന്ന അജ്ഞതയിൽനിന്നുള്ള വിമോചനം- അതിന്റെ വൈജ്ഞാനിക തലം ശാസ്ത്രത്തോളം വിശാലമാണ്. അതിനെ നിരാകരിച്ചുകൊണ്ട് ശാസ്ത്രത്തിന് പ്രയാണമില്ല. മനസ്സിന്റെ സങ്കുചിതത്വത്തിൽ നിന്ന് ഏകമാനവികതയിലേക്കുള്ള വിമോചനം, അസ്വസ്ഥതയിൽനിന്നും അശാന്തിയിൽനിന്നും ലോകത്തിനുള്ള വിമോചനം. അന്ധമായ ദേശ-ഭാഷാ-ജാതി-വർണ-വർഗ- സങ്കുചിതത്വത്തിൽ നിന്നും ഏകമാനവികതയിലേക്കുള്ള ലോകത്തിന്റെ വിമോചനം, ആത്മീയതയെ നിരാകരിച്ച കേവല ഭൗതികതയിൽനിന്നും ഭൗതികതയെ നിരാകരിച്ച കാടുകയറിയ ആത്മീയതയിൽനിന്നുള്ള മനസ്സുകളുടെ വിമോചനം, ജീവിതത്തിന് നിത്യനൂതന പ്രകാശമേകുന്ന മൂല്യങ്ങളിലേക്കുള്ള വിമോചനം. മനുഷ്യൻ ഭൂമിയിൽ നിലനിൽക്കുവോളം അത് തുടർന്നുകൊണ്ടിരിക്കും. അവന്റെ മോക്ഷത്തിനു വേണ്ടി. അതത്രെ ദൈവത്തിലേക്കുള്ള വഴി.